ശ്രീ. ജോർജ് ജോസഫ് :

ശ്രീ. ആന്റണി രാജു :

ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ഹൈഡൽ ടൂറിസം സംബന്ധിച്ച പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഇതുമൂലമുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്;

(ഇ) ഈ പദ്ധതി നടപ്പിലാക്കുവാൻ ബോർഡിനു കീഴിൽ സ്വയം ഭരണാധികാരമുള്ള കേന്ദ്രം രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) ആദ്യഘട്ടത്തിൽ മൂന്നാർ, മാട്ടുപ്പെട്ടി, ഇടുക്കി എന്നീ ഹൈഡൽ പദ്ധതി പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ആദ്യഘട്ടത്തിൽ മൂന്നാറിലെയും മാട്ടുപ്പെട്ടിയിലെയും ഹൈഡൽ പദ്ധതി പ്രദേശങ്ങളിലെ ഗാർഡൻ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. മൂന്നാറിൽ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുവാനും മാട്ടുപ്പെട്ടിയിലെ ബോട്ടിംഗ് സൗകര്യങ്ങൾ വികസിപ്പിക്കുവാനും പരിപാടിയുണ്ട്.

(ഡി) വിനോദസഞ്ചാരം മെച്ചപ്പെടുത്തുക എന്നതാണ് പ്രധാന ഉദ്ദേശം. ഡാമുകളുമായി ബന്ധപ്പെട്ട തടാകങ്ങൾ വിനോദ സഞ്ചാരത്തിനായി തുറന്നുകൊടുക്കുകയും ഇതു വഴി വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും.

(ഇ) രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള ഹൈൽ ടൂറിസം സെന്റർ എന്ന സംഘം 1-12-99-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

16 (*192) പട്ടികജാതി-പട്ടികവർഗ്ഗ സമുദായ സംവരണം

ശ്രീ. പി.കെ. ചന്ദ്രൻ :

ശ്രീ. എൻ. കണ്ണൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ :

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവീസിൽ പട്ടികജാതി-പട്ടികവർഗ്ഗ സമുദായിക സംവരണം പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായുള്ള റിവ്യൂ കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ ഘടന എന്തെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്പോൾ സംവരണതത്വം പാലിക്കപ്പെടുന്നുണ്ടോ, എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാന ഗവൺമെന്റിന്റെ ഗ്രാന്റ് കൈപ്പറ്റുന്ന സ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ സമുദായ സംവരണം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമുദായിക സംവരണം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഓരോ വർഷവും ജനുവരി 1-ാം തീയതിവച്ച് സംസ്ഥാന സർക്കാർ വകുപ്പുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം അവലോകനം ചെയ്തുവരുന്നു. ഇപ്രകാരം അവലോകനം നടത്തുമ്പോൾ പ്രാതിനിധ്യക്കുറവ് അനുഭവപ്പെടുന്ന വകുപ്പിൽ മതിയായ തസ്തികകൾ സംവരണം ചെയ്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തി പ്രാതിനിധ്യം ഉറപ്പാക്കിവരുന്നു.

(ബി) ഉണ്ട്. പ്രസ്തുത കമ്മിറ്റിയിൽ മുഖ്യമന്ത്രി ചെയർമാനും പിന്നോക്കപട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി വൈസ് ചെയർമാനും പട്ടികജാതി-പട്ടികവർഗ്ഗ എം.എൽ.എ.മാർ അംഗങ്ങളുമാണ്. ഈ കമ്മിറ്റിയിൽ പൊതുഭരണ വകുപ്പ് സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുസെക്രട്ടറി, പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എന്നിവർ ഔദ്യോഗിക അംഗങ്ങളാണ്. പൊതുഭരണ (എം.എൽ) വകുപ്പ് അഡീഷണൽ സെക്രട്ടറി സർക്കാർ വകുപ്പുകളുടെ അവലോകന യോഗത്തിന്റെ കൺവീനറും, ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് സെക്രട്ടറി പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ അവലോകന യോഗത്തിന്റെ കൺവീനറുമാണ്.

(സി) ഉണ്ട്. നിലവിലുള്ള നിയമപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സർക്കാർ സർവ്വീസിൽ ഉള്ളതുപോലെ പട്ടികജാതി-പട്ടികവർഗ്ഗ സംവരണതത്വം പാലിച്ചുകൊണ്ടാണ് നിയമനം നടത്തുന്നത്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിലവിലുള്ള പ്രാതിനിധ്യം സർക്കാർ ത്രൈമാസാടിസ്ഥാനത്തിൽ അവലോകനം നടത്തി പ്രാതിനിധ്യക്കുറവുള്ളിടത്ത് അത് നികത്താനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) ഉണ്ട്. സ്വയംഭരണ സ്ഥാപനമായ യൂണിവേഴ്സിറ്റിയുടെ ആക്ടും സ്റ്റാറ്റ്യൂട്ടും പ്രകാരം അർഹമായ പട്ടികജാതി-പട്ടികവർഗ്ഗ സംവരണം സംബന്ധിച്ച് വ്യവസ്ഥകൾ ഇപ്പോൾതന്നെ നിലവിലുണ്ട്. ഐ.എച്ച്.ആർ.ഡി. യിലെ തസ്തികളിൽ, സ്റ്റാഫ് സെലക്ഷൻ കമ്മിറ്റി തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റ് ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രിയും ഉന്നതവിദ്യാഭ്യാസവകുപ്പ് സെക്രട്ടറിയും ഉൾപ്പെടുന്ന ഭരണസമിതിയുടെ അംഗീകാരം ലഭിച്ചശേഷമാണ് നിയമനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നത്. റാങ്ക് ലിസ്റ്റ് അംഗീകരിക്കുന്നതോടൊപ്പം സംവരണം സംബന്ധിച്ച കാര്യവും സമിതി പരിശോധിക്കുന്നുണ്ട്. എൽ.ബി.എസ്. സെന്ററിന്റെ കീഴിലുള്ള എൻജിനീയറിംഗ് കോളേജിൽ സംവരണതത്വം പാലിച്ചു കൊണ്ടാണ് എല്ലാ നിയമനങ്ങളും നടത്തിയിട്ടുള്ളത്. സംവരണതത്വം പാലിച്ചുകൊണ്ട് തയ്യാറാക്കുന്ന തെരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റ് ഉന്നത വിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനുശേഷമാണ് നിയമനം നടത്തുന്നത്. സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിൽ വരുന്ന കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്വയംഭരണ സ്ഥാപനങ്ങളിൽ സംവരണതത്വം പാലിക്കുവാൻ നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള സംഗീത നാടക അക്കാഡമി, കേരള സാഹിത്യഅക്കാഡമി, കേരള ലളിതകലാ അക്കാഡമി, കേരള കലാമണ്ഡലം എന്നീ സ്ഥാപനങ്ങളിലെ സ്റ്റാഫിന്റെ സേവനവേതന വ്യവസ്ഥ അനുസരിച്ച് നിയമനത്തിൽ സംവരണതത്വം പാലിക്കുന്നുണ്ട്.

17 (*193) **കോർപ്പറേറ്റ് ടാസ്ക്ക് ഫോഴ്സ്**

<u>ശ്രീ. എം. മുരളി</u> :

<u>ശ്രീ. കെ. മുഹമ്മദാലി</u> :

<u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളായി മാറ്റുന്നതിന്റെ ഭാഗമായി ഒരു കോർപ്പറേറ്റ് ടാസ്ക് ഫോഴ്സ് കമ്മിറ്റി രൂപീകരിച്ചിരുന്നോ എന്നു വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഇതിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു;

(സി) കമ്മിറ്റിയുടെ കർത്തവ്യങ്ങൾ എന്തായിരുന്നു എന്ന് വിശദമാക്കുമോ;

(ഡി) ഇതിന്റെ റിപ്പോർട്ട് ലഭിച്ചോ എന്നറിയിക്കുമോ;

(ഇ) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (<u>ശ്രീ. എസ്. ശർമ്മ</u>) :

(എ) രൂപീകരിച്ചിരുന്നു.

(ബി) പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) കോർപ്പറേറ്റ് ഓഫീസിന്റെ ഘടന, പ്രവർത്തനം, അധികാര പരിധി, സാമ്പത്തിക അധികാരം മുതലായവയെ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുക, കോർപ്പറേറ്റ് ആഫീസിന്റെ സുഗമമായും ഫലപ്രദമായുമുള്ള നടത്തിപ്പിനുള്ള നടപടിക്രമങ്ങൾക്കായുള്ള നിർദ്ദേശം നൽകുക എന്നിവയായിരുന്നു കമ്മിറ്റിയുടെ കർത്തവ്യങ്ങൾ.

(ഡി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ഇ) റിപ്പോർട്ടിലെ ശുപാർശകൾ വിശദമായ പരിശോധനകൾക്കു വിധേയമാക്കി വരുന്നതേയുള്ളൂ.

1053/2010.

LIBRARY ARCHIVES Kerala Legislative Assembly